(ബി) ഇല്ലെങ്കിൽ ഒരു ട്രാൻസ്ഫോമർ കൂടി സ്ഥാപിച്ച് സുഗമമായ വൈദ്യുതി ലഭ്യത ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കാമോ?

33 കെ.വി മുണ്ടൂർ സബ്സ്റ്റേഷനിൽ നിലവിൽ 5MV ശേഷിയുള്ള 3 ട്രാൻസ്ഫോർമറുകളാണുള്ളത്. സബ്സ്റ്റേഷന്റെ ശേഷിയേക്കാൾ വളരെ കുറഞ്ഞ ലോഡ് മാത്രമേ നിലവിലുള്ളുയെന്നതിനാൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട സാഹചര്യം ഇപ്പോഴില്ല. സ്ഥലപരിമിതിയുള്ളതിനാൽ മറ്റൊരു ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ ബുദ്ധിമുട്ടാണ്. ഭാവിയിൽ ലോഡ് കൂടുന്ന പക്ഷം നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കാവുന്നതാണ്.

കോവിഡ് കാലയളവിലെ വൈദ്യുതി ചാർജ്ജ്

177 (3609) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ക്ഡൗൺമൂലം അടഞ്ഞുകിടന്നിരുന്ന ചെറുകിട വ്യാപാര-വ്യവസായങ്ങൾ, ഹോട്ടൽ, കാറ്ററിംഗ്, ഓഡിറ്റോറിയം, ഫ്ലൂട്ട് വെയർ മുതലായ സ്ഥാപനങ്ങളുടെ വൈദ്യുതി ബില്ലിലെ ഫിക്സഡ് ചാർജ്ജ് ഒഴിവാക്കണമെന്ന ആവശ്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോവിഡ് സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടുള്ള വ്യാപാരസ്ഥാപനങ്ങൾക്ക് തവണ വ്യവസ്ഥയിൽ വൈദ്യുതി ചാർജ്ജ് തിരിച്ചടയ്ക്കാനുള്ള സൗകര്യങ്ങൾ നൽകുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന വ്യാപാരികൾക്ക്, 1-6-2020-ലെ സ.ഉ (സാധാ)നം.67/2020/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (വ്യാവസായിക/വാണിജ്യ ഉപഭോക്താക്കൾക്ക്) 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ബാധകമായ നിശ്ചിത നിരക്കിന്റെ (ഫിക്സഡ് ചാർജ്ജ്) 25% ഇളവും ബാക്കി തുക പലിശ ഈടാക്കാതെ അടയ്ക്കുന്നതിന് 15-2-2020 വരെ സാവകാശവും നൽകിയിരുന്നു. രണ്ടാം തരംഗത്തിൽ, കോവിഡ് അതിരൂക്ഷമായി പടരുന്ന സാഹചര്യത്തിൽ, 28-6-2021-ലെ സ.ഉ (സാധാ)നം.84/2021/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വ്യാവസായിക/വാണിജ്യ വൈദ്യുതി കണക്ഷനുകളുടെ 2021 മേയ് മാസത്തെ 'ഫിക്സഡ് ചാർജ്ജ്/ഡിമാന്റ് ചാർജ്ജിൽ' 25% ഇളവ് നൽകുകയും ഇളവ് കഴിച്ചുള്ള ബാക്കി തുക 30-9-2021 വരെ പലിശ രഹിതമായി പരമാവധി മൂന്ന് തവണകളായി അടയ്ക്കുന്നതിന് സാവകാശം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിലെ ബിൽ തുക ഭാഗികമായോ പൂർണ്ണമായോ ഉപഭോക്താക്കൾ അടച്ചിട്ടുണ്ടെങ്കിൽ തുടർന്നുള്ള ബില്ലുകളിൽ തുക ക്രമപ്പെടുത്തി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly